


# e-mage

# ഇമേജ്

## ലിറ്റിൽ കൈറ്റ്സ്

## ഇമേജ്

ഇരിക്കൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ ഹൈസ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ "ഇമേജ് " എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. ലിറ്റിൽകൈറ്റ് അംഗങ്ങളുടെ ഐടി രംഗത്തുള്ള മികവ് പ്രകടമാക്കുന്ന ആശയങ്ങൾ ഇതിൽ തെളിയുന്നു. ഇമേജ് ഡിജിറ്റൽ മാഗസിനിന് ലിറ്റിൽകൈറ്റ് വിദ്യാർത്ഥികൾ, അധ്യാപകർ, കൈറ്റ് മാസ്റ്റർ/കൈറ്റ് മിസ്റ്റർഎല്ലാവർക്കും, മാഗസിനിനും എല്ലാവിധ ആശംസകളും നേരുന്നു.



മുരളീധരൻ. എം. വി

പ്രധാന അധ്യാപകൻ

ഇരിക്കൂർ ഹയർ സെക്കൻഡറി

സ്കൂൾ

## ഉള്ളടക്കം


പൂമ്പാറ്റ.......................................4

പണം.......................................6

Social media.......................................14

സൗഹൃദത്തിര.......................................16

സൂര്യാസ്തമയം.......................................19

യാത്ര.......................................20

കരിങ്കുപ്പായം അണിഞ്ഞ മാലാഖമാർ...........22

ചിത്രങ്ങൾ.......................................27

# പൂമ്പാറ്റ

പൂത്തമരത്തിന്റെ ചില്ലയിലിരുന്ന്

തേൻ നുകരുന്ന പൂമ്പാറ്റ

നാലു ചിറകുള്ള പൂമ്പാറ്റ

ഏഴ് വർണങ്ങളുള്ള പൂമ്പാറ്റ

കുട്ടികളുടെ കൗതുകത്തിൻെറ

ഭാഗമാകുന്ന പൂമ്പാറ്റ

പൂക്കളുടെ കൂട്ടുകാരായി പൂമ്പാറ്റ

പാറിപ്പറന്നും,തേൻ നുകർന്നും

ചുറ്റിക്കളിച്ച് പൂമ്പാറ്റ..

ചെറുചെറുചെറുതും വലുവലുവലുതും

പൂമ്പാറ്റകൾ!

വർണ്ണ ശലഭങ്ങൾ തുള്ളിക്കളിക്കുന്ന

നിറക്കൂട്ടുകൾ

പൊൻതുടിപ്പും ചായാനിറങ്ങളും

ഭംഗിയായിക്കോർത്തിണക്കിയ രസക്കൂട്ടുകൾ!

മായാജാലമില്ല,ഒന്നുമായമോ

മന്ത്രമില്ല, വാനിൽ പറക്കുന്ന

പൂമ്പാറ്റക്ക്

## ഇമേജ്

പട്ട് സാരികൾ,വർണ്ണ സാരികൾ

ഉടുത്തൊരുങ്ങിയ പൂമ്പാറ്റകൾ

മഴ കാണമ്പോളൊടിയൊളിച്ചും

വെയിൽ കാണമ്പോളോടിവന്നും

പൂമ്പാറ്റക്കുട്ടികൾ........

മാർദവക്കാറ്റിൻെറ സുഗന്ധത്തിൻെറ

ഓളത്തിൽ പാറിക്കളിക്കുന്നു.....

ആഴക്കടലിൻെറ രസക്കുടുക്ക....

(ദേവനന്ദ)

# പണം

"ഞാൻ പറഞ്ഞ ക്യാഷ് റെഡിയായോ'പരുക്കൻ ശബ്ദത്തോടെ ഡോ.ജോൺ കുര്യാക്കോസ് ചോദിച്ചു.ഇല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ മകനെ കിട്ടിയില്ലെന്നു വരില്ല.ഇല്ലെങ്കിൽ അഡ്വാൻസായി അഞ്ചുലക്ഷം അടക്ക്."സാർ, മകൻെറ അച്ഛൻ മരിച്ചിട്ട് നാളെയാകുമ്പോഴേക്കും

ഒരു വർഷം തികയും. ഇതേ രോഗം തന്നെയല്ല്യോ? അപ്പുവിനെ നമുക്ക് തിരിച്ച് കിട്ടുമോ'അപ്പുവിൻെറ അമ്മാവൻ മുഖത്ത് നിന്ന് ഒഴുകി ഒലിച്ച കണ്ണീർ തുടച്ചു മാറ്റി. 'അതൊക്കെ ഒരു ടെസ്റ്റുകൂടികഴിഞ്ഞാലെ പറയാൻ സാധിക്കു'.ഡോ.ജോൺ അവിടെ നിന്ന് തലയുയർത്തി പിടിച്ച് നടന്നു പോയി. 'എടീ, നീയ് ഇങ്ങനെ വിഷമിക്കല്ലെ,അപ്പുവിന് നല്ല മാറ്റം

ഉണ്ടെന്നാ ഡോക്ടർ പറഞ്ഞത് '.അപ്പുവിൻെറ അമ്മാവൻ മധു തൻെറ അനുജത്തിയായ സരിതയോട് പറഞ്ഞു.'ആകെ എനിക്കുള്ളത് എൻെറ അപ്പുവാ,അവനില്ലാത്ത ജീവിതം എനിക്കാലോചിക്കാനേ കഴിയുന്നില്ല.അഞ്ചുലക്ഷം വേണം.

എവിടെ നിന്നു ഞാൻ എടുത്തുകൊടുക്കും?ഉം,ഇനി വീടിൻെറ ആധാരം പണയം വെക്കാം,വേറെ വഴിയില്ല '.ഒരു തീരുമാനം എടുത്തമട്ടിൽ മധുവിനോട് സരിത പറഞ്ഞു.

'എൻെറ കൈയ്യിൽ നിന്നെ സഹായിക്കാൻ ഒന്നും ഇല്ല. അറിയില്ലെ വീട്ടിൽ '....'വേണ്ട ചേട്ടാ'...സരിത ഒരാശ്വാസത്തിനായി മധുവിൻെറ മാറിൽ തല താഴ്ത്തിവെച്ച് കിടന്നു 'പണം റെഡിയായോ സാർ,കക്ഷി എന്നെ വിളിച്ചിരുന്നു. അവർക്ക് നാളെതന്നെ പറഞ്ഞത് വേണം.ഇല്ലെ അവർ ഓഫർ ചെയ്ത ഒരുകോടി നമ്മുടെ കൈയ്യിൽ നിന്ന് പോയതുപോലെയാവും'. ഡോ.ജോൺ കുര്യാക്കോസിൻെറ കാര്യസ്ഥൻ മർക്കോസ് പറഞ്ഞു.

'ഉം,താൻ ഇവിടെ ഇരിക്ക് അവരുടെ അഡ്വാൻസ് അഞ്ച് ലക്ഷം നാളെ തരാനുള്ള പണി തുടങ്ങിക്കോണം.ഇന്നു രാത്രിതന്നെ അപ്പുവിൻെറ കണ്ണ് നമുക്ക് ഓപ്പറേഷൻ ചെയ്ത് മാറ്റാം'.

'ഹ,ഹ,ഹ'ഇതുകേട്ട മർക്കോസ് പൊട്ടിച്ചിരിച്ചു.അങ്ങനെ നമ്മളെ ആരും തോൽപ്പിക്കണ്ട.'അങ്ങനെയെങ്കിൽ നമുക്ക് നാളെ ഒന്നു കൂടാം'.ഡോക്ടർ സന്തോഷത്തോടെ പറഞ്ഞു.എന്നിട്ട് ഡോക്ടർ ജോൺ അവിടെ നിന്ന് എഴുന്നേറ്റ് അപ്പു കിടക്കുന്ന ICU വിനു സമീപം ചെന്നു.അവിടെ കേട്ടത് ഒരു ബഹളമായിരുന്നു. അപ്പുവിൻെറ പാപ്പൻ മദ്യപിച്ച് വന്ന് കുഴപ്പമാക്കുന്നു. 'സാധാരണ ഒരു പനിവന്ന് കിടത്തിച്ചതാ,ഇപ്പൊ ദിവസം പത്തായി,ഒന്ന്,ഒന്ന് കാണാൻ കൂടി സമ്മതിക്കാതെ അടച്ച് പൂട്ടി എന്നിട്ട് എന്തോ ഇംഗ്ലീഷ് പേരും വൈറസ് കയറിയാപോലും'.

'ടോ ഇതൊരു പൊതുസ്ഥാപനമാണ്,എന്തായിത് '

ഡോ. ആക്രോശിച്ചു. 'എന്താ ഡോക്ടറേ ഇത് എനിക്കെന്റെ അപ്പുവിനെ കാണണം'മധു പറഞ്ഞു. ഡോ.ജോൺ തന്റെ കാര്യസ്ഥനോട് പറഞ്ഞു.'സാധാരണ പനി വന്ന അപ്പുവിനെയാണ് നമ്മൾ കുരുതി കൊടുക്കുന്നത്.ഇത് ഞങ്ങൾ അല്ലാതെ വേറെ ആരും അറിയരുത് '.

'ടോ,മധു ഇയാളെ പിടിച്ച് മാറ്റിയേ,മർക്കോസ് പറഞ്ഞു.

വിങ്ങിപ്പൊട്ടിയ നെഞ്ചുമായി മധു അയാളെ പിടിച്ച് അവിടെ ഇരുത്തി. ഡോക്ടർ അപ്പുവിനെ ഓപ്പറേഷൻ തിയ്യറ്ററിലേക്ക് മാറ്റി.എന്തോ ഒരു ഗുളിക കഴിക്കാൻ കൊടുത്തു. അവൻ അത് കഴിച്ചു.അപ്പോൾ അവൻ ഡോക്ടറോട് പറഞ്ഞു.'എനിക്ക് കുഴപ്പമില്ലെന്ന് അറിയാം.എന്നെ നിങ്ങൾ കൊല്ല്യോ?എനിക്ക് പേടിയാ, അമ്മയെ തനിച്ചാക്കി ഞാൻ പോകുല്ല '.

'മിണ്ടാതെ കിടക്കവിടെ'.ഡോക്ടർ ലൈറ്റ് അപ്പുവിന്റെ കണ്ണിനു നേരെ ആക്കി.ഇൻഞ്ചക്ഷൻ കൊടുത്തു മയക്കി.അപ്പോഴും അവന്റെ വായിൽ ഉരവിടുന്നുണ്ടായിരുന്നത് 'അമ്മ'എന്നായിരുന്നു.

ഒരു നിമിഷം കൊണ്ട് എല്ലാം കഴിഞ്ഞു.പിന്നെ കണ്ടത് വിദൂരത്തേക്ക് പേടിച്ച് പേടിച്ച് പോയ കണ്ണുകളില്ലാത്ത അപ്പുവിന്റെ

ശവം ആയിരുന്നു.കിടക്കയിൽ നിന്ന് ആരോ ഉരവിടുന്നനത് പോലെ തോന്നി 'ഇതിനൊക്കെ നീ പകരം നൽകേണ്ടി വരുമെന്ന് '.

## ഇമേജ്

ഡോക്ടർ തൻെറ മേൽക്കുപ്പായം അഴിച്ച് ICU വിൻെറ വാതിൽ,മുഖത്ത് സങ്കടത്തിൻെറ ഭാവം പിടിച്ച് തുറന്നു.അപ്പുവിൻെറ

അമ്മാവൻ മധു ഡോക്ടറുടെ അടുത്തേക്ക് ഓടി വന്നു.

മധു ചോദിക്കുന്നതിനു മുമ്പ് ഡോക്ടർ പറഞ്ഞു 'സോറി 'ആ വാക്കിൽ നിന്നു തന്നെ മധുവിന് എല്ലാം മനസ്സിലായി.പക്ഷെ അയാൾക്ക് ഒന്നുറക്കെ കരയാൻ പോലും കഴിഞ്ഞില്ല.അപ്പോഴേക്കും സരിത കരഞ്ഞ് നിലവിളിച്ച് വീണിരുന്നു.

ഡോക്ടർ വന്നതുപോലെ വാതിൽ തുറന്ന് ICU വിൻെറ അകത്തേക്ക് കയറി.അപ്പോൾ മർക്കോസിനോടായി പറഞ്ഞു 'അവൻെറ അമ്മ അവശനിലയിലാണ്. നമുക്ക് അവരെ കൂടി ഇവിടെത്തന്നെ കിടത്തണം.എന്നിട്ട് ആവശ്യക്കാർക്ക് നൽകാം.

നമുക്കും നമ്മുടെ തലമുറകൾക്കും ജീവിക്കാനുള്ളത് ഉണ്ടാക്കുകയും ചെയ്യാം'.അതെ,ഇപ്പോൾ ഇത് കൂടെ ആയാൽ ആകെ 20 ഓപ്പറേഷൻസ്.ഓരോന്നിനും ഓരോ കോടി .മർക്കോസ് പൊട്ടിച്ചിരിച്ചു.പക്ഷെ ആ പൊട്ടിച്ചിരികൾക്കിടയിലും ഒരുപാട് കണ്ണുനീർ തുള്ളികൾ പൊഴിഞ്ഞത് അറിഞ്ഞില്ല.ഓരോ ഓപ്പറേഷനും അവർ പൊട്ടിച്ചിരിച്ചു.

# പൂമ്പാറ്റ

പൂമ്പാറ്റക്കൊത്തിരി നിറമുണ്ട്

പൂമ്പാറ്റയ്ക്ക് വയറുണ്ട്

പുള്ളിയുടുപ്പിട്ട് പാറിനടക്കും

പൊണ്ണ തടിയൻ പൂമ്പാറ്റ

പമ്മി പമ്മി പൂവുകളിലെ

തേൻ കുടിക്കും പൂമ്പാറ്റ

നല്ല ചന്തമുള്ള പൂമ്പാറ്റ

തേൻ കുടിക്കും പൂമ്പാറ്റ

പ്യൂപ്പയിട്ടും പൂമ്പാറ്റ

എനിക്ക് ഇഷ്ടം പൂമ്പാറ്റ

പൂമ്പാറ്റെ നല്ല പൂമ്പാറ്റെ

പുള്ളിയുടുപ്പിട്ട് പാറിനടക്കും

പൂമ്പാറ്റെ

ഹായ് എന്തൊരു ഭംഗി പൂമ്പാറ്റയെ

ഹായ് എത്ര മനോഹരം പൂമ്പാറ്റയെ

ആരും കാണാതെ പൂവുകളിലെ

തേൻ കുടിക്കും പൂമ്പാറ്റ

എന്തു രസമാണിഞ്ഞെ കാണാൻ

# ഇമേജ്

എത്ര മനോഹരമാ......

പൂമ്പാറ്റെ നല്ല പൂമ്പാറ്റെ

ഭംഗിയുള്ളവനെല്ലെ നീ

ചന്തമുള്ളവളല്ലെ നീ

പൂമ്പാറ്റെ നല്ല പൂമ്പാറ്റെ

പമ്മിനടക്കും പൂമ്പാറ്റെ

എന്തു ഭംഗിയാണ്

നിന്നെ കാണാൻ

എന്തു ഭംഗി ഒത്തിരി

നിറമുള്ള പൂമ്പാറ്റെ

പച്ചയും,മഞ്ഞയും,ചുവപ്പും

ഉടുപ്പിട്ട് പോവണത് എങ്ങോട്ട്

സുന്ദരിയായ പൂമ്പാറ്റെ

നസ്ല

# പൂമ്പാറ്റ

വിണ്ണിൽ പാറിനടക്കും പൂമ്പാറ്റ...

പൂത്തനുടുപ്പിട്ട പൂമ്പാറ്റ...

പൂവുകളിൽ തേൻ നുകരാനായി

വരുന്ന പൂമ്പാറ്റേ...

ആരു നിനക്കീ ഉടുപ്പു തന്നു...

വർണ്ണച്ചിറകുള്ള  പൂമ്പാറ്റേ...

വർണ്ണച്ചിറകുമൊളിപ്പിച്ച്

എങ്ങോട്ടാ നീ പോകുന്നേ...

പൂവിലിരുന്ന പൂമ്പാറ്റേ...

കാലുകളൊട്ടും പൂമ്പാറ്റേ...

പാറി നടന്ന പൂമ്പാറ്റേ...

വായുവിൽ പാറാൻ സുഖമുണ്ടോ...!

എങ്ങു നീ പോകുന്നു

പമ്പാറ്റേ......

പാറിനടക്കും പൂമ്പാറ്റേ...

ക്ഷീണം തോന്നുന്നില്ലേയോ...?

കഥ പറഞ്ഞു തരുമോ...!

നിൻെറ ഉള്ളിലെതായാ

പൂത്തനുടുപ്പിട്ട പൂമ്പാറ്റേ....

## ഇമേജ്

ആരു നിനക്കീ ഭംഗി തന്നു...

ഏതു പൂന്തേനാണ് നിനക്കിഷ്ടം...

പൂത്തനുടുപ്പിട്ട പൂമ്പാറ്റേ...

എന്നും വരുമോ...നീ...

പൂത്തനുടുപ്പിട്ട പൂമ്പാറ്റേ...

വിണ്ണിൽ പാറി നടക്കും പൂമ്പാറ്റേ...

പൂത്തനുടുപ്പിട്ട പൂമ്പാറ്റേ.....

ഫിദ നസ്രിൻ
6A

# Social media

we know that in our society majority of them are using mobile phone in earlier there is no mobile and they spend their times in front of books they more knowledge

but in this generation all are using ;mobile .now a days children's are also using mobile children's are doing their works in front of mobile phone and social media. The over using of mobile cause many serious such as 'eye cancer etc..... we lost our reading kill and knowledge be cause of mobile .

Actually ,the mobile phone play a critical role in our daily life the mobile makes us lazy fellows mobile phone are some times very helpful . because , we ran contact any person with the help of mobile .

Earlier children's are playing out door games but today children's are playing games in mobile .the children's never see the beauty of nature .

First we want to avoid phone and read books and study well then we can achieve a good position spent times for reading it

will make use more intelligent person .while avoiding the phone we can escape from diseases like eye problem .

Mobile phone is not our world remember that god give us skill

we want to use the skill in good ways . We never want the help of mobile. Be intelligent and achieve our goals.

Actually ,mobile phone is just a time pass and it is not helping us,it....is .... surely killing our knowledge don't for get . We want to find technology with skill and knowledge think more ,they to achieve our goals .escape from the trap of mobile !

Be active remove laziness from our mind .

By Asna

# സൗഹൃദത്തിര

രാപ്പകൽപോലെ ഇണങ്ങിയും പിണങ്ങിയും
തിരകടൽപോലെ സ്നേഹത്തെ മുത്തിയും
എൻ മനസ്സിന്റെ വ്യകുലതകളിൽ -
കുട ചൂടി നിൽക്കുമെൻ സൗഹൃദം

ആദ്യം ശഠിച്ചതും പിന്നെ കരഞ്ഞു-
കൊണ്ടോടി, വിദ്യലയാങ്കണത്ത്
അപ്പോൾ മുതൽ കൂടെയുണ്ടെൻ കൂട്ടുകാർ
മരിക്കാത്ത ഓർമ്മകൾ ചാക്കിലാക്കി തന്ന്,

ഓമനച്ചേച്ചീടെ വീടിന്റെ മുറ്റത്തെ
കല്ലെറിഞ്ഞുകൊണ്ടോടിയതും, മണ്ണപ്പം-
ചുട്ട് കളിച്ചതും, അമ്പലപ്പറമ്പിലെ
അരയാലിൻ ചോട്ടിൽ സംഘം കൂടിയതും

അങ്ങനെയങ്ങനെ മരിക്കാത്ത ഓർമ്മകൾ,
കാറ്റിന്റെ താളത്തിലാടുന്ന പൂവുകൾ പോലെ-
മരിക്കാതെ മനസ്സിന്റെ ഉള്ളറയിൽ,

ഇമേജ്

ഇല്ല!രഹസ്യം  അന്നില്ല മനസ്സിന് ഭയം,

നല്ലതോതിത്തരും  കൂട്ടുകാരുണ്ടന്ന,

എന്നാൽ ,ഇന്നില്ലിതൊന്നും, നഷ്ടമായെല്ലാം

പുതുയുഗം  നഷ്ടപ്പെടുത്തി എല്ലാം,

സംഘങ്ങൾ  കൂടുന്നതായി ഗ്രൂപ്പുകൾ

ഞെക്കിതുറക്കാൻ 'വാട്ട്സാപ്പുകൾ'

കല്ലേറിയാറില്ല, വേണ്ടതെല്ലാം കൈയ്യിൽ

എത്തിച്ചു നൽകും  പലആപ്പുകളും,

മണ്ണപ്പം ചുട്ടുകളിക്കാൻ നേരമില്ലിന്നു,

എൽ.കെ.ജി,യു.കെ.ജി  തലയിൽകേറി

എല്ലാം കയറി, നിപയും പ്രളയവും

മാറ്റിമറിച്ചു  പുതുയുഗം

ഓടുന്നു ഏവരും തന്നുടെ ജോലി-

കളിൽ മുഴുകിടുന്നു

എല്ലാം രഹസ്യം ഒന്നും പരസ്യമായില്ല

മനസിൽ മറവുകൾ  മാത്രം,

പരീക്ഷാ വേളയിൽ  ഉത്തര-

ക്കടലാസിൽ  കുത്തിക്കുറിച്ച് കൊടുത്തതും

## ഇമേജ്

ടീച്ചർ ശകാരിച്ചതും അന്നത്തെ വടി-

യുടെ  പ്രയോഗം വട്ടത്തിൽ നീറിവന്നതും

ഇന്നില്ല, സൗഹൃദ പുല്ലും പുഴവും മാഞ്ഞുപോയി

ബ്ലാക്ക്  ബോർഡിൽ  ചോക്കുകൊണ്ടെഴുതി

പഠിച്ചതും ബാക്ക്  ബെഞ്ചിലിരുന്ന് ഉഴപ്പിയും

അന്നത്തെ ശർക്കര മിഠായിതൻ-

മധുരവും, ഇന്നില്ല പാടവരമ്പുപോലെ,

ചങ്ങലമലകളിൽ സ്വർണകന്യകയാം

പ്രഭാതം  തന്റെ പാടലവിരലുകൾ കൊണ്ട്

ഉയർത്തുന്ന  സൂര്യനെ പോലെ

എൻ കഴിവുകൾ  ഉയർത്തിച്ചിട്ടും സൗഹൃദം

ആദിത്യ ലക്ഷ്മണൻ

# സൂര്യാസ്തമയം

ഹാ!സൂര്യനെത്ര സുന്ദരം

കത്തി ജ്വലിച്ച കൊണ്ടിരിക്കുന്ന

സൂര്യൻ പതിയേ എവിടെയോ മായുന്നു

മലയുടെ ഇടയിലൂടെ മായുന്നു    !

ചുവപ്പ് കലർന്ന മഞ്ഞ നിറത്തിലുള്ള

വസ്ത്രം ധരിച്ച് എൻ മുന്നിലൂടെ എവിടെയോ

പോകുന്നു സൂര്യൻ

ഹാ!സൂര്യനെത്ര സുന്ദരം

കടലിന്റെ അറ്റത്തുകൂടെ താഴുന്ന

സുന്ദരനായ സൂര്യൻ

എവിടെ പോകുന്നു സൂര്യൻ

ഹാ!സൂര്യനെത്ര സുന്ദരം

By Raniya.k

# യാത്ര

നമ്മളെല്ലാവരും യാത്ര പോയിട്ടുള്ളവരാണല്ലോ? യാത്ര എന്നാൽ ഒരു മനസ്സിന് സുഖവും സന്തോഷവും സമാധാനവും കിട്ടുന്നതാണ്.ഒരിക്കൽ ഞാനൊരു യാത്രപോയി . എനിക്ക് യാത്ര പോകാൻ വളരെ ഇഷ്ടമാണ്. ഞാൻ വളരെ സന്തോഷിച്ചു. ആ യാത്രയിൽ നിന്ന് ഒരുപാട് അറിവുകൾ പഠിച്ചു. പല പല പാർക്കുകളിലും ബീച്ചുകളിലും പോയി. ആദ്യം ഒരു ആകാശത്തൊട്ടിലിൽ കയറി. എനിക്ക് ഭയമുണ്ടായിരുന്നു.ആദ്യം അത് തുടങ്ങിയപ്പോഴേക്കും, അതിൽ നിന്ന് വീണ് പോയാലോ എന്നോർത്ത് ഞാൻ കരഞ്ഞു. പക്ഷെ അങ്ങനെ അത് കുറേ സമയം ഞാൻ പേടിച്ചു വിറച്ചു. തീരാറായപ്പോഴേക്കും എന്റെ പേടി പോയി. പിന്നെ എനിക്കു തോന്നിയത് ഒന്നുകൂടി കയറണം എന്നായിരുന്നു. അപ്പോഴാണ് എനിക്ക് മനസ്സിലായത് ഒന്നിനും ഏതു കാര്യത്തിനും ഭയപ്പെടരുത് എല്ലാം ഒറ്റയ്ക്ക് നേരിടണം . ശ്രമിച്ചാൽ ഏതിനും വിജയമുണ്ടാകും എന്ന്.

അങ്ങനെ ഞങ്ങൾ കുറേ യാത്ര പോയി. ഇത് പോലെ തന്നെയാണ് ബീച്ചിൽ പോയപ്പോഴും. ആദ്യം തിരമാല അടിച്ചുവരുന്നതു കണ്ട് പേടിച്ച്
ഞാൻ പിറകോട്ട് പോയി. പക്ഷെ കുറേ കഴിഞ്ഞപ്പോഴേക്കും അതെല്ലാം മാറി. ജീവിതത്തിൽ എപ്പോഴെങ്കിലും എന്നാലേ ഒരു സുഖം ഉണ്ടാകൂ.

അങ്ങനെ ഇരിക്കെ ഒരിക്കൽ ഒരു പെൺകുട്ടി അവളുടെ അച്ഛനോട് പറഞ്ഞു.

'അച്ഛാ ഞങ്ങൾക്ക് ഒരു യാത്രപോകണം. എന്റെ ക്ലാസിലുള്ള എല്ലാ കുട്ടികളും യാത്ര പോയി.ഞാൻ മാത്രമേ ദൂരെ യാത്ര പോയിട്ടില്ല'. പക്ഷെ അവളുടെ അച്ഛൻ പറഞ്ഞു വേണ്ട, ഇപ്പോൾ യാത്ര പോകാൻ എനിക്ക് സമയമില്ല കുറച്ച ദിവസം കഴിയട്ടേ. അവൾ വല്ലാതെ സങ്കടപ്പെട്ടുകരഞ്ഞു. അവളുടെ ക്ലാസിലെ എല്ലാ കുട്ടികളും യാത്ര പോയി അങ്ങോട്ടും ഇങ്ങോട്ടും കഥ പറഞ്ഞു. പക്ഷ അവൾ മാത്രം മിണ്ടാതിരുന്നു.

അപ്പോൾ അവളുടെ ക്ലാസിലെ പെൺ കുട്ടികൾ അവളോട് ചോദിച്ച നീ എന്താ ഒന്നും മിണ്ടാത്തത്.അപ്പോൾ ഒരു കുട്ടി പറഞ്ഞു.അവൾ യാത്രയൊന്നും പോയിട്ടുണ്ടാവില്ല അതുകൊണ്ടായിരിക്കും.

# കരിങ്കുപ്പായം അണിഞ്ഞ മാലാഖമാർ

രണ്ടു ദിവസമായി കിടപ്പ് തുടങ്ങിയിട്ട് . ഒരനക്കവുമില്ല . ആകെ ശ്വാസം മാത്രം. "ഡോക്ടർ എന്താ പറഞ്ഞേ ?" അമ്മ ചോദിച്ചു. "ഒന്നും പറഞ്ഞില്ല. ഒരു ദിവസം കൂടി കഴിഞ്ഞിട്ട് നോക്കാം . എന്നു മാത്രം ". "ന്റെ കുട്ടീന കാത്തോൾണെ ദേവീ...." അമ്മയുടെ തൊണ്ട ഇടറി പെട്ടന്നാണ് അത് സംഭവിച്ചത്. കിടക്കയിൽ കിടന്ന ഉണ്ണി പെട്ടന്ന് കിടന്ന് വിറയ്ക്കാൻ തുടങ്ങി. അച്ഛൻ ഓടി വന്നു. എന്തു ചെയ്യണം എന്നറിയില്ല ആകെ പരിഭ്രമം . "ഡോക്ടർ....ഡോക്ടർ" അച്ഛൻ ഓടി :ഒരു നിമിഷം അവിടെയൊക്കെ ബഹളം . ഡോക്ടർ വന്നു. "ഒക്കെ. ഇപ്പോ കൊഴപ്പമില്ല നാളെ തന്നെ സർജ്ജറി നടത്താം. പണം വേഗം എത്തിക്കണം. അല്ലെങ്കിൽ കുഞ്ഞിന്റെ ജീവൻ അപകടത്തിലാകും"

ഡോക്ടർ പറഞ്ഞു. ചായക്കടനടത്തി കുടുംബം കൊണ്ടു പോകുന്ന അച്ഛന് മുൻപിൽ അതൊരു ഞെട്ടൽ ഉണർത്തി . "പണം " അച്ഛൻ നിന്നു വിയർത്തു . " പണം വേണം അല്ലാതെ വെറുതയോ "ഡോക്ടർ കനത്തു . "സർ. എന്റെ കയ്യിൽ എടുക്കാൻ " അച്ഛൻ താഴ്മയോടെ പറഞ്ഞു. "ശരി നമുക്ക നോക്കാം. സർജ്ജറി നാളെത്തന്നെ നടത്താം. പണം സാവധാനം അടച്ചാൽ മതി കുഞ്ഞിന്റെ ജീവൻ അതല്ലേ പ്രധാനം. ഡോൻഡ് വറി ".ഡോക്ടർ അച്ഛന്റെ തോളിൽ ഒന്നു തട്ടി . ആശ്വാസത്തിന്റെ മഞ്ഞുതുള്ളി പതിച്ചപ്പോലെ . "ഒരുപാട് നന്ദിയുണ്ട് "

ഡോക്ടർ..., അയാൾ ഡോക്ടറുടെ കൈപിടിച്ച് നെഞ്ചോടു ചേർത്തു അയാളുടെ കണ്ണുകളിൽ നിസ്സഹായത അലയടിക്കുന്നുണ്ടായിരുന്നു . ടിംങ്,ടിംങ് ഡോക്ടറുടെ കീശയിലെ മൊബൈലാണ്. ഡോക്ടർ വെപ്രാളത്തിൽ ഫോൺ എടുത്തു . “ഹലോ സാർ .” ഡോക്ടർ അച്ഛന്റെ കൈയ്യിൽ നിന്ന് തന്റെ കൈ വലിച്ചൂരി പെട്ടെന്ന് മുന്നോട്ടു നടന്നു. അയാളുടെ മുഖത്ത് ഒരു ഭയം അച്ഛൻ കണ്ടു.

എന്തൊ ഒളിക്കുന്നത് പോലെ, ഏയ് ഒന്നും ഉണ്ടാകുല അച്ഛൻ സ്വയം ആശ്വസിച്ചു.

പിറ്റേന്ന് രാവിലെ തന്നെ അതിനുള്ള തയ്യാറെടുപ്പുകളുമായി ഡോക്ടറും സംഘവും എത്തി. “സർ എല്ലാം ഓക്കെ യല്ലേ ”നേഴ്സ് ചോദിച്ചു . “എസ് എല്ലാം ഒക്കെയാണ്.” “ഒക്കെ ”. “സർ , എന്റെ ഉണ്ണി .” “ഒന്നും ഭയപ്പെടേണ്ടതില്ല നമ്മളില്ലേ .” അമ്മയ്ക്ക് ആ വാക്കുകൾ ഒരാശ്വാസമായി എന്നാലും പാവത്തിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഇറ്റിറ്റായി വീഴുന്നുണ്ട് . ആ കൈകൾ നെഞ്ചോട് ചേർത്ത് പ്രാർത്ഥിക്കുന്നുണ്ട് . പ്രസവമുറിക്കുമുന്നിൽ ആദ്യ കുഞ്ഞിനെ കാണാൻ കാത്തിരിക്കുന്നതുപോലെ അച്ഛൻ ഇരുപ്പുറക്കാതെ നടക്കുന്നു.

സമയം 12 കഴിഞ്ഞു അമ്മയുടെ നെഞ്ച് കൂടുതൽ വിതുമ്പി. എന്തോ ആപത്ത് സംഭവിക്കാൻ പോകുന്നത് പോലെ അമ്മയുടെ

ഹൃദയം തുടിച്ച , അച്ഛന്റെ  കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കാറ്റിനു പോലും ദുഃഖത്തിന്റെ ഗന്ധം.

സൂര്യൻ ഉച്ചിയിൽ നിൽപ്പുണ്ടായിരുന്നു. എന്തോ ഒരു നിമിഷം നിശബ്ദമായി ക്ലോക്കിലെ സൂചി പോലും . പെട്ടെന്ന് ഡോക്ടർ പുറത്തിറങ്ങി . അയാളുടെ മനസ്സിൽ എന്തോ തളം കെട്ടി നിൽപ്പുണ്ടായിരുന്നു. “അയാം സോറി. കുഞ്ഞിനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ” ഡോക്ടർ പറഞ്ഞു. അച്ഛന് ഒരു നിമിഷം ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അമ്മയുടെ നെഞ്ചു പിളർന്നതു പോലെ കണ്ണുകൾ നിർജീവമായി , എന്തോ ആശുപത്രി മുഴുവനും മരണവീടിന്റെ ഗന്ധം പകർന്നതു പോലെ.

ഡോക്ടർമാർ പുറത്തേക്ക് പോയി കൂടെ ഉണ്ണിയും . അപ്പോഴേക്കും രാജേഷും  രമേഷനും അവിടെയെത്തി  ബിജുവേട്ടാ നമ്മുടെ ഉണ്ണി , പോയടാ ....  പോയി , അച്ഛൻ രമേഷനെ കെട്ടിപ്പിടിച്ച . അമ്മ ആകെ തകർന്നു . ഒരു മാനസിക  രോഗിയെപ്പോലെ.

ദിവസങ്ങൾ കടന്ന് പോയി. മരണവീട്ടിൽ നിന്നും എല്ലാവരും ഒഴിഞ്ഞുപോയി. കുറച്ച് അടുത്ത ബന്ധുക്കൾ മാത്രം . ഉണ്ണിയുടെ മുറി ഒഴിഞ്ഞുതന്നെ ഇരിന്നു. മേശയിലെ പാവ ക്കുട്ടി  കണ്ണു തുറന്നില്ല . എന്തോ ആർക്കും ഒരുഷാറില്ല . അവന്റെ ചിത്രങ്ങളിൽ കണ്ണുനീർ തളം കെട്ടിയതു  പോലെ ആകെ ഒരു നിശബ്ദത. പറമ്പും, തൊടിയും,

ഊഞ്ഞാലും ഒക്കെ മങ്ങിപ്പോയ കണ്ണാടിപോലെ ഉപയോഗശൂന്യം . അമ്മ ഇന്നും ശരിയായ മാനസിക അവസ്ഥയിലല്ല . അച്ഛൻ പതുക്കെ പൊരുത്തപ്പെട്ടു വരുന്നു. എന്നാലും മുഖം തെളിഞ്ഞിട്ടില്ല. എല്ലാം നോക്കി നടത്തേണ്ട ആളായത് കൊണ്ട് മാത്രം ഇങ്ങനെ നടക്കുന്നു എന്നു മാത്രം.

പെട്ടെന്നാണ് രാജു വിളിച്ചത് ബിജു ഏട്ടാ......, നിങ്ങൾ അറിഞ്ഞോ... വാർത്തേല് മ്മടെ ഉണ്ണീനെ നോക്കിയ ഡോക്ടറെ പോലീസ് കൊണ്ടോയി , രാജുന് ഇത്രേ പറയാൻ പറ്റിയുള്ളൂ അപ്പോഴേക്കും ശബ്ദം മുറിഞ്ഞു.

എന്ത്? ഡോക്ടറേയാ... ൻതിന് .. എന്താ കാര്യം ? അച്ഛൻ വെപ്രാളത്തോടെ ചോദിച്ചു. നിങ്ങളാ വാർത്ത വെക്ക് .... , രാജു പറഞ്ഞു.

ആ വീട്ടിൽ നാലഞ്ചു ദിവസത്തിലനു ശേഷം ടി. വി തുറന്നു. അല്ലാതെ ടി. വിക്ക് വിശ്രമമുണ്ടാവില്ല. കളിയയും ചിരിയുമായി ഉണ്ണി അതിന്റെ മുന്നിലുണ്ടാകും .

പെട്ടെന്നാണ് അച്ഛൻ അത് കണ്ടത് . “അവയവക്കടത്ത് പി. ൻ. സി ഹോസ്പിറ്റലിലെ പ്രമുഖ ഡോക്ടർ കെ വേണു അറസ്റ്റിൽ ”അച്ഛൻ ഒരു നിമിഷം ഞെട്ടി. ഒന്നും അനങ്ങാതെ . വാർത്തയിൽ ഇതുവരെ അവയവക്കടത്തു ചെയ്യപ്പെട്ട ആൾക്കാരുടെ ലിസ്റ്റും ഉണ്ടായിരുന്നു .

അതാ 19ാം നമ്പർ  ഉണ്ണിക്കൃഷ്ണൻ വെള്ളൂർ 10 വയസ്സ് ഇല്ല എന്റെ ഉണ്ണി . അത് അവൻ,      അല്ല ബിജുവേട്ടാ അത് മ്മടെ ഉണ്ണി തന്നെയാണ് . അവൻ സ്ഥിതീകരിച്ചു. , രാജു പറഞ്ഞു..

എന്റെ ഉണ്ണീ....ഇല്ല  അവൻ.. അവനെ .. ഇല്ല .., അമ്മ ഒരു ഭ്രാന്തിയെ പോലെ ഓടി വന്നു. , ശാന്തേ... മ്മടെ മോൻ.. ഹൃദയത്തിന് ബ്ലോക്കാണെന്നും പറഞ്ഞ് ഹൃദയം തന്നെ തട്ടിയെടുത്തല്ലോ ...ആ പിശാചുക്കൾ ...അച്ഛൻ അമ്മയെ  കെട്ടിപ്പിടിച്ചു  കരഞ്ഞു. വീണ്ടും അതൊരു മരണവീടു പോലായി. എങ്ങും നിലവിളി. ആ നാടു നിലവിളിച്ച പോലെ.

' അമ്മേ....' എവിടെ നിന്നോ തന്റെ ഉണ്ണി വിളിക്കുന്നപോലെ അമ്മയ്ക്ക് തോന്നി...

"ഉണ്ണീ " അമ്മ മറുവിളികൊടുത്തു.

"അമ്മേ .... എന്നെ കൊന്നതാണമ്മേ...." അമ്മ മോനേന്ന് വിളിച്ച് അവന്റെ ഫോട്ടോ കെട്ടിപ്പിടിച്ചു. അച്ഛന് അമ്മയുടെ ആ ഭ്രാന്തമായ നിലവിളി സഹിക്കാൻ കഴിഞ്ഞില്ല... അച്ഛനും അമ്മയെ കെട്ടിപ്പിടിച്ചു. സ്വന്തം മകനെ പിശാചുക്കൾക്ക്  ഇട്ടുകൊടുത്ത പോലെ അച്ഛന്റെ ഹൃദയത്തിൽ ആരോ കുത്തി.

"അമ്മേ....എന്നെ കൊന്നതാണമ്മേ...."

ആ വാക്കുകൾ അവിടുത്തെ ചുമരുകളിൽ ഒരു ആത്മാവിന്റെ നിലവിളിയായി പ്രതി പാതിച്ചു. എങ്ങും ഒരുപാട് കുഞ്ഞുങ്ങളുടെ നിലവിളി പോലെ ബലിക്കാക്കകൾ ചിറകടിച്ചുയർന്നു. എങ്ങോട്ടെന്നില്ലാതെ.!

ഗായത്രി എസ് രാജീവ്

# ചിത്രങ്ങൾ




STOP POLLUTION
RESPECT YOUR MOTHER


STOPPING POLLUTION IS THE
BEST SOLUTION
BE A PART OF SOLUTIN
NOT A PART OF POLLUTION

## ഇമേജ്

